# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി.20.05.2025

**ശ്രദ്ധേയമായി വനം വകുപ്പിന്റെ സ്റ്റാൾ**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന 'എന്റെ കേരളം' വിപണന മേളയിൽ വനം വകുപ്പിന്റെ സ്റ്റാൾ ശ്രദ്ധേയമാകുന്നു. വന്യജീവി സംരക്ഷണം, വനസംരക്ഷണം, സർപ്പ കിയോസ്ക്, വനശ്രീ സ്റ്റോൾ, തുടങ്ങി വ്യത്യസ്ത അനുഭവമാണ് വനം വകുപ്പിന്റെ സ്റ്റാൾ നൽകുന്നത്.

കാട്ടാറും വന്യജീവികളും നിറഞ്ഞ കാടിന്റെ വന്യഭംഗിയുടെ ചെറുപതിപ്പ് ഏറെ ആകർഷകമാണ്. വനം വകുപ്പിന്റെ സ്റ്റാളിനെ ഏറെ ആകർഷിക്കുന്നത് സർപ്പ ആപിന്റെ പരിചയപ്പെടുത്തലും ഉപയോഗരീതിയുമാണ്. വളരെയധികം പേർ സർപ്പ ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗരീതിയുടെ പരിശീലനം തത്സമയം നേടി. പാമ്പുകളെ പിടികൂടുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പരിചയപ്പെടുത്തലും മേളയിൽ ഉണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചാറ്റുപ്പാട്ടും ഗരുഡൻ നൃത്തവും ഏറെ ആകർഷകമായിരുന്നു. കൂടാതെ വനം വകുപ്പിന്റെ ഫുഡ് കോർട്ടും ശ്രദ്ധേയമായി. മുളയരി, ചാമ, പറണ്ടക്ക തുടങ്ങിയ പഴമയുടെ സ്വാതൂറുന്ന പായസങ്ങൾ, നെയ്യാർ സ്പെഷ്യൽ കരിമീൻ ഫ്രൈ, ഹണിക്കോള, നറുനണ്ടി ചായ, കപ്പയും ഔഷധ ചമ്മന്തികളും, നാടൻ മീൻകറിയും ഏവർക്കും ഇഷ്ട വിഭവങ്ങളായി.

വനവികസന ഏജൻസിയായ വനശ്രീയുടെ സ്റ്റാളിലും വൻ തിരക്കാണ് കഴിഞ്ഞ ദിവസങ്ങളിൽ അനുഭവപ്പെട്ടത്. കേരളത്തിന്റെ വിവിധ പ്രദേശത്തു നിന്നുള്ള തേനുകൾ, സുഗന്ധ ദ്രവ്യങ്ങൾ, ചന്ദനം, ചന്ദനത്തൈലം, തേയില, കാപ്പി, കറുത്ത കുന്തിരിക്കം, കുരുമുളക്, മറയൂർ ശർക്കര. കുടംപുളി, ലക്ക, ഇഞ്ച, പുൽതൈലം തുടങ്ങിയ ഉൽപ്പന്നങ്ങളാണ് വിൽപ്പനക്കായി ഒരുക്കിയിട്ടുള്ളത്.

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ